**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4355** **01-07-2024 - ൽ മറുപടിയ്ക്ക്**

**ധനകാര്യ വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-2024 കാലയളവിൽ ഏതൊക്കെ വകുപ്പുകളാണ് ആഭ്യന്തര പരിശോധനാ റിപ്പോർട്ട് ധനകാര്യ വകുപ്പിന് ലഭ്യമാക്കാത്തതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലയളവിൽ ധനകാര്യ ആഭ്യന്തര പരിശോധനാ വിഭാഗം നടത്തിയ പരിശോധനകൾ വ്യക്തമാക്കാമോ; | (എ) | **2023- 24** വർഷ കാലയളവിൽ മുൻ വർഷങ്ങളിലെ ആഭ്യന്തര പരിശോധന റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത വകുപ്പുകളുടെ വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു.<br><br>സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധന വിഭാഗം ഓഡിറ്റ് നടത്തി സമർപ്പിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗുരുതരമായ ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ മാത്രമാണ് ധനകാര്യ ആഭ്യന്തര പരിശോധന വിഭാഗം റിവ്യൂ ഓഡിറ്റ് നടത്തുന്നത്. 2023- 24 കാലയളവിൽ ഈ വകുപ്പിൽ നിന്നും **സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വരുന്ന 1. കൊല്ലം ജില്ലാ സാമൂഹ്യനീതി ഓഫീസ് 2. കൊല്ലം ജില്ലാ പ്രൊബേഷൻ ഓഫീസ് 3.കൊല്ലം ഗവണ്മെന്റ് വൃദ്ധ സദനം** എന്നിവിടങ്ങളിലാണ് റിവ്യൂ ഓഡിറ്റ് നടത്തിയിട്ടുള്ളത്. കൂടാതെ ഗവണ്മെന്റ് സെക്രട്ടേറിയറ്റിനുള്ളിൽ പ്രവർത്തിക്കുന്ന ക്യാന്റീനിലും 2023-24 കാലയളവിൽ ഈ വകുപ്പിൽ നിന്നും പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | ചില സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചില സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധന വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ആഭ്യന്തര പരിശോധന കാലാനുസൃതമാക്കാനും, കൃത്യമായ ഇടവേളകളിൽ നടത്താനും, **10-08-2017 തീയതിയിലെ 64 നമ്പർ പരിപത്രം, 20-04-2018 തീയതിയിലെ 33 നമ്പർ പരിപത്രം, 19-10-2019 തീയതിയിലെ 79 നമ്പർ പരിപത്രം (അനുബന്ധം-2)** എന്നിവ പുറപ്പെടുവിക്കുകയും, പരിപത്രങ്ങളിൽ നിർദ്ദേശിക്കുന്ന രീതിയിൽ സമയബന്ധിതമായി പരിശോധന റിപ്പോർട്ടും, ന്യൂനതാപരിഹാര റിപ്പോർട്ടും സമർപ്പിക്കുവാനുള്ള നിർദ്ദേശം നല്കുകയുമുണ്ടായി. കൂടാതെ വിവിധ സർക്കാർ വകുപ്പുകളിലെ ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | ടീമംഗങ്ങൾക്ക് ഓഡിറ്റ് നടത്തിപ്പിനെക്കുറിച്ചും റിപ്പോർട്ട് തയ്യാറാക്കുന്നതിനെ കുറിച്ചും ധനകാര്യവകുപ്പിന്റെ തന്നെ ട്രെയിനിങ് വിഭാഗമായ CTFM ട്രെയിനിങ്ങും നൽകി വരുന്നുണ്ട്. |
| (സി) | ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ഓഡിറ്റ് പരാമർശങ്ങൾ കൂടുതലായി തീർപ്പാക്കാൻ അവശേഷിക്കുന്നത് ഏതൊക്കെ വകുപ്പുകളിലാണെന്നും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ എണ്ണമെത്രയെന്നും വ്യക്തമാക്കാമോ; | (സി) | ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റെയും അക്കൗണ്ടന്റ്ജനറലിന്റെയും ഓഡിറ്റ് പരാമർശങ്ങൾ കൂടുതലായി തീർപ്പാക്കാൻ അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3** ആയി ചേർത്തിരിക്കുന്നു. |
| (ഡി) | സർക്കാർ വകുപ്പുകളിലെ നടപടിക്രമങ്ങൾ ചട്ട പ്രകാരം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ രൂപീകരിച്ചിട്ടുള്ള ആഭ്യന്തര പരിശോധനാ വിഭാഗങ്ങൾക്ക് കാലാനുസൃതമായ പരിശീലനം നൽകി ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അതിനായി ധനകാര്യ ആഭ്യന്തര പരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്തുമോ എന്ന് അറിയിക്കാമോ; | (ഡി) | സർക്കാർ വകുപ്പുകളിലെ നടപടി ക്രമങ്ങൾ ചട്ടപ്രകാരം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ രൂപീകരിച്ചിട്ടുള്ള വിവിധ വകുപ്പുകളിലെ ആഭ്യന്തര പരിശോധന വിഭാഗങ്ങൾക്ക്, ധനകാര്യവകുപ്പിന്റെതന്നെ ട്രെയിനിങ് വിഭാഗമായ CTFM നെ നേരിട്ട് ബന്ധപ്പെടുവാനും, പരിശീലനം ആവശ്യമുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ നൽകുവാനും ആയതിന്റെ അടിസ്ഥാനത്തിൽ, CTFM തയ്യാറാക്കുന്ന ഷെഡ്യൂൾ അനുസരിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി, അപ്രകാരം പരിശീലനം ലഭിക്കുന്ന വകുപ്പുകളുടെ വിവരങ്ങൾ ധനവകുപ്പിനെ അറിയിക്കുവാനുള്ള സംവിധാനവും ഇതിനകം തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധന വിഭാഗങ്ങളെ ശക്തിപ്പെടുത്തുന്നതിലേയ്ക്കും, ധനകാര്യ ആഭ്യന്തര പരിശോധന വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിലേയ്ക്കും എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ഇ) | ആഭ്യന്തര പരിശോധന കുറ്റമറ്റ രീതിയിൽ നടത്തി റിപ്പോർട്ട് യഥാസമയം ധനകാര്യ വകുപ്പിന് ലഭ്യമാക്കുവാൻ സർക്കാർ വകുപ്പുകൾക്ക് നിർദേശം നൽകുമോ? | (ഇ) | എല്ലാ സർക്കാർ വകുപ്പുകൾക്കും ആഭ്യന്തര പരിശോധന കുറ്റമറ്റ രീതിയിൽ നടത്തി റിപ്പോർട്ട് യഥാസമയം ധനകാര്യ വകുപ്പിന് ലഭ്യമാക്കുവാനുള്ള നിർദ്ദേശം ഇതിനകം തന്നെ നൽകിയിട്ടുണ്ട്. എന്തെങ്കിലും വീഴ്ച ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആവശ്യമെങ്കിൽ ഈ വിഷയത്തിൽ തുടർ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ
## 11 -ാം സമ്മേളനം - 2024 ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം
## നം.4355 – ലെ പിരിവ് -സി - യുള്ള മറുപടി

ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റെയും, അക്കൗണ്ടന്റ് ജനറലിന്റെയും ആഡിറ്റ് പരാമർശങ്ങളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ

| ക്രമ നം | വകുപ്പിന്റെ പേര് | ആഭ്യന്തര പരിശോധനാ റിപ്പോർട്ടിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സവാദ പരാമർശങ്ങളുടെ എണ്ണം | അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ടിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സവാദ പരാമർശങ്ങളുടെ എണ്ണം | അഭിപ്രായം |
|---|---|---|---|---|
| 1 | ഡയറക്ടർ, പുരാരേഖ വകുപ്പ് | Nil | 30 | |
| 2 | ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരകണക്ക് ഡയറക്ടറേറ്റ് | 56 | 16 | |
| 3 | കമ്മീഷണർ എൻക്വയറി കമ്മീഷണറേറ്റ്&സ്പെഷ്യൽ ജഡ്ജസ് | Nil | Nil | |
| 4 | ട്രെയിനിംഗ് ഡയറക്ടർ ലേബർ കോംപ്ലക്സ് | 583 | 30 | |
| 5 | ഡയറക്ടർ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ് | 4,640 | 32 | |
| 6 | ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം | 4,185 | 4,237 | |
| 7 | ഡയറക്ടർ മൈനോരിറ്റി വെൽഫയർ ഡിപ്പാർട്ട്മെന്റ് | Nil | 15 | |
| 8 | സ്റ്റേറ്റ് പോലീസ് ചീഫ് പോലീസ് ഡിപ്പാർട്ട്മെന്റ് | 63 | 1,118 | |
| 9 | ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് (ഡിസൈൻ) | Nil | Nil | |
| 10 | ഡയറക്ടർ | 3,780 | 827 | |

| | | | | |
|---|---|---|---|---|
| | പട്ടികജാതി വികസന വകുപ്പ് | | | |
| 11 | സ്റ്റേഷണറി കൺട്രോളർ തിരുവനന്തപുരം | 756 | 18 | |
| 12 | ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ് | 720 | 471 | |
| 13 | ഡയറക്ടർ വിനോദസഞ്ചാര വകുപ്പ് | 53 | 39 | |
| 14 | ഡയറക്ടർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | 28,224 | 573 | |
| 15 | ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ് | 518 | 37 | |
| 16 | ഡയറക്ടർ പുരാവസ്തു വകുപ്പ് | 46 | 40 | |
| 17 | ഡയറക്ടർ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 169 | 204 | |
| 18 | ചീഫ് കെമിക്കൽ എക്സാമിനർ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി | 12 | 04 | |
| 19 | ഡയറക്ടർ കോളേജ് വിദ്യാഭ്യാസ വകുപ്പ് | 931 | 474 | |
| 20 | കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ് | Nil | 14 | |
| 21 | രജിസ്ട്രാർ സഹകരണ വകുപ്പ് | 242 | 230 | |
| 22 | ഡയറക്ടർ ക്ഷീര വികസന വകുപ്പ് | 24 | 05 | |
| 23 | എക്സൈസ് കമ്മീഷണർ | 1,459 | 350 | |
| 24 | ചീഫ് എഞ്ചിനീയർ ജലസേചന വകുപ്പ് | 31 | 248 | |
| 25 | ഡയറക്ടർ ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ | 10,885 | 294 | |
| 26 | ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറപ്ഷണൽ സർവ്വീസ് | 5,843 | 333 | |
| 27 | ഡയറക്ടർ | Nil | 23 | |

| | | | | |
|---|---|---|---|---|
| | പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും വകുപ്പ് | | | |
| 28 | ഡയറക്ടർ<br>പിന്നോക്ക സമുദായ വികസന വകുപ്പ് | 19 | 31 | |
| 29 | ട്രാൻസ്പോർട്ട് കമ്മീഷണർ<br>തിരുവനന്തപുരം | 5,368 | 2,877 | |
| 30 | ഡയറക്ടർ<br>സാംസ്കാരിക വകുപ്പ് | Nil | 30 | |
| 31 | പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് | 1,265 | 807 | |
| 32 | ആരോഗ്യ വകുപ്പ് ഡയറക്ടർ | 32,171 | 2,823 | |
| 33 | കമ്മീഷണർ,<br>ലേബർ കമ്മീഷണറേറ്റ് | 487 | 80 | |
| 34 | ഭൂവിനിയോഗ കമ്മീഷണർ | Nil | 10 | |
| 35 | കൺട്രോളർ<br>ലീഗൽ മെട്രോളജി | 1,500 | 40 | |
| 36 | രജിസ്ട്രേഷൻ,<br>ഇൻസ്പെക്ടർ ജനറൽ | 5,260 | 1,288 | |
| 37 | ഡയറക്ടർ,<br>സ്പോർട്സ് & യൂത്ത് അഫേഴ്സ് ഡിപ്പാർട്ട്മെന്റ് | 04 | 25 | |
| 38 | ഡയറക്ടർ<br>ഇൻഷുറൻസ് വകുപ്പ്<br>ഡയറക്ടറുടെ കാര്യാലയം, | 83 | 27 | |
| 39 | ഡയറക്ടർ<br>ടെക്നിക്കൽ വിദ്യാഭ്യാസ വകുപ്പ്<br>തിരുവനന്തപുരം | 4,694 | 139 | |
| 40 | ഡയറക്ടർ<br>വിജിലൻസ് &ആന്റീ കറപ്ഷൻ ബ്യൂറോ | 49 | 29 | |
| 41 | ഡയറക്ടർ<br>സർവ്വെയും ഭൂരേഖയും വകുപ്പ് | 404 | 65 | |
| 42 | കമ്മീഷണർ,<br>സ്റ്റേറ്റ് ജി.എസ്.ടി വകുപ്പ് | 5,337 | 5801 | |
| 43 | ഡ്രഗ്സ് കൺട്രോളർ,<br>ഡ്രഗ്സ് കൺട്രോളറുടെ | Nil | 3 | |

| | | | | |
|---|---|---|---|---|
| | കാര്യാലയം | | | |
| 44 | ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,<br>ചീഫ് ഇലക്ട്രിക്കൽ<br>ഇൻസ്പെക്ടറേറ്റ്, | 112 | 47 | |
| 45 | ഭക്ഷ്യസുരക്ഷാ കമ്മീഷണർ,<br>ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ<br>കാര്യാലയം, | 180 | 108 | |
| 46 | പൊതു വിദ്യാഭ്യാസ ഡയറക്ടർ,<br>പൊതു വിദ്യാഭ്യാസ<br>ഡയറക്ടറുടെ കാര്യാലയം | 4,322 | 465 | |
| 47 | ഡയറക്ടർ,<br>ഭൂജല വകുപ്പ് | 205 | 44 | |
| 48 | ഡയറക്ടർ,<br>ഹാൻഡ് ലൂം & ടെക്സ്റ്റയിൽസ്<br>ഡയറക്ടറേറ്റ് | 12 | 06 | |
| 49 | ഡയറക്ടർ,<br>ഹയർ സെക്കൻഡറി<br>വിദ്യാഭ്യാസ വകുപ്പ് | 130 | 113 | |
| 50 | ചീഫ് ഹൈഡ്രോഗ്രാഫർ,<br>ഹൈഡ്രോഗ്രാഫിക് സർവെ<br>വകുപ്പ് | Nil | Nil | |
| 51 | ഡയറക്ടർ,<br>വ്യവസായവും വാണിജ്യവും<br>വകുപ്പ് | 371 | 110 | |
| 52 | പ്രിസൈഡിങ്ങ് ഓഫീസർ,<br>ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ | Nil | Nil | |
| 53 | ഡയറക്ടർ,<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 415 | 913 | |
| 54 | പ്രിൻസിപ്പൽ ഡയറക്ടർ,<br>തദ്ദേശ സ്വയം ഭരണം<br>പ്രിൻസിപ്പൽ ഡയറക്ടറേറ്റ്<br>സ്വരാജ് ഭവൻ | 11,211 | 6,814 | |

| | | | | |
|---|---|---|---|---|
| 55 | ഡയറക്ടർ,<br>സംസ്ഥാന ലോട്ടറി വകുപ്പ് | 634 | 72 | |
| 56 | മെമ്പർ സെക്രട്ടറി,<br>സംസ്ഥാന പ്ലാനിംഗ് ബോർഡ് | 287 | 27 | |
| 57 | ഡയറക്ടർ,<br>ട്രഷറി വകുപ്പ് | 10,723 | 1,026 | |
| 58 | ഡയറക്ടർ,<br>വൊക്കേഷണൽ ഹയർ<br>സെക്കൻഡറി വിദ്യാഭ്യാസ<br>വകുപ്പ് | 11,211 | 6,814 | |
| 59 | അഡ്വക്കേറ്റ് ജനറൽ,<br>അഡ്വക്കേറ്റ് ജനറലിന്റെ<br>കാര്യാലയം, എറണാകുളം. | 26 | 01 | |
| 60 | ഡയറക്ടർ,<br>സിവിൽ സപ്ലൈസ്<br>കമ്മീഷണറുടെ കാര്യാലയം, | 17,308 | 181 | |
| 61 | ഡയറക്ടർ,<br>കയർ വികസന വകുപ്പ്, | 18 | 16 | |
| 62 | ഡയറക്ടർ,<br>എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, | 3,199 | 118 | |
| 63 | ഡയറക്ടർ,<br>ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ്<br>& ബോയിലേഴ്സ്, | 390 | 03 | |
| 64 | ഡയറക്ടർ ജനറൽ,<br>ഫയർ & റെസ്ക്യൂ സർവ്വീസസ്, | 8,312 | 64 | |
| 65 | ഫിഷറീസ് ഡയറക്ടർ,<br>ഫിഷറീസ് വകുപ്പ്, | 247 | 257 | |
| 66 | ചീഫ് എഞ്ചിനിയർ,<br>ഹാർബർ എഞ്ചിനിയറിംഗ്<br>വകുപ്പ്, | 180 | 46 | |

| | | | | |
|---|---|---|---|---|
| 67 | ഡയറക്ടർ,<br>ഹോമിയോപ്പതി<br>ഡയറക്ടറാഫീസ്, | 1,237 | 63 | |
| 68 | ഡയറക്ടർ,<br>കിർത്താഡ്സ് ഡയറക്ടറേറ്റ്, | Nil | 11 | |
| 69 | ഡയറക്ടർ,<br>കേരള സംസ്ഥാന ഓഡിറ്റ്<br>വകുപ്പ്, | 41 | 113 | |
| 70 | ഡയറക്ടർ,<br>മൈനിങ് & ജിയോളജി വകുപ്പ്, | Nil | 105 | |
| 71 | ഡയറക്ടർ,<br>മ്യൂസിയവും മൃഗശാലയും<br>ഡയറക്ടറേറ്റ്, | 04 | 31 | |
| 72 | ഡയറക്ടർ,<br>ദേശീയ സമ്പാദ്യ പദ്ധതി, | 190 | 37 | |
| 73 | അഡീഷണൽ ഡയറക്ടർ<br>ജനറൽ, എൻസിസി<br>ഡയറക്ടറേറ്റ്, | 746 | Nil | |
| 74 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,<br>കേരള മാരിടൈം ബോർഡ് | 30 | 65 | |
| 75 | ഡയറക്ടർ,<br>വിവര പൊതുജന സമ്പർക്ക<br>വകുപ്പ് | 27 | 25 | |
| 76 | ഡയറക്ടർ,<br>ഡയറക്ടറേറ്റ് ഓഫ് പ്രിന്റിംഗ് | 52 | 52 | |
| 77 | ഡയറക്ടർ ഇൻ ചാർജ്ജ്,<br>സൈനികക്ഷേമ വകുപ്പ് | Nil | 07 | |
| 78 | ഡയറക്ടർ,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | 277 | 242 | |
| 79 | ഡയറക്ടർ, | 3,748 | 96 | |

| | | | | |
|---|---|---|---|---|
| | മണ്ണ് പര്യവേഷണ ഡയറക്ടറേറ്റ് | | | |
| 81 | സ്റ്റേറ്റ് ലൈബ്രേറിയൻ,<br>സ്റ്റേറ്റ് ലൈബ്രേറിയന്റെ കാര്യാലയം | Nil | 05 | |
| 82 | ഡയറക്ടർ,<br>സംസ്ഥാന ജലഗതാഗത വകുപ്പ് | 13 | 07 | |
| 83 | സെക്രട്ടറി,<br>പൊതുഭരണ വകുപ്പ് | Nil | 64 | |
| 84 | സെക്രട്ടറി,<br>ധനകാര്യ വകുപ്പ് | 14 | 15 | |
| 85 | ചീഫ് എഞ്ചിനീയർ,<br>പൊതുമരാമത്ത്(കെട്ടിടം) വകുപ്പ് | 31 | 357 | |
| 86 | ചീഫ് എഞ്ചിനീയർ,<br>പൊതുമരാമത്ത് (Roads & Bridges)വകുപ്പ് | Roads – 31<br>Bridges -20 | 436<br>67 | |
| 87 | **നിയമ വകുപ്പ്**<br>(A)നിയമ (ഭരണ) വകുപ്പ് | Nil | 03 | |
| | (B)അഡ്വക്കേറ്റ് ജനറൽ കാര്യാലയം | 26 | 01 | |
| | (C)കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | Nil | 01 | |
| | (D) **കേരള സംസ്ഥാന നിയമസേവന അതോറിറ്റി** | | | |
| | (a) കെൽസ | Nil | 21 | |
| | (b) DLSA പാലക്കാട് | Nil | 01 | |
| | (c) DLSA മഞ്ചേരി | Nil | 03 | |

| | | | | |
|---|---|---|---|---|
| | | | | |
| | (d) DLSA എറണാകുളം | Nil | 16 | |
| | (e) DLSA തൊടുപുഴ | Nil | Nil | |
| | (f) DLSA കാസറഗോഡ് | Nil | Nil | |
| | (g) DLSA പത്തനംതിട്ട | Nil | Nil | |
| | (h) DLSA വയനാട് | Nil | 09 | |
| | (i) DLSA തൃശ്ശൂർ | Nil | 08 | |
| | (j) DLSA കൊല്ലം | Nil | Nil | |
| | (k) DLSA തിരുവനന്തപുരം | Nil | Nil | |
| | (l) DLSA കോട്ടയം | Nil | 20 | |
| | (m) DLSA കണ്ണൂർ | Nil | Nil | |
| | (n) DLSA ആലപ്പുഴ | Nil | 06 | |
| | (o) DLSA കോഴിക്കോട് | Nil | 01 | |

18/11 18.11

18/11